(6) ശാസ്താംകോട്ട ശുദ്ധജല തടാകം

ശ്രീ. കോട്ടക്കുഴി സുകുമാരൻ : സർ, ശാസ്താംകോട്ട ശുദ്ധജല തടാകത്തിലുണ്ടായിരിക്കുന്ന മലിനീകരണത്തെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ഏതാണ്ട് ഒമ്പതിനായിരം ഏക്കറോളം വിസ്തൃതിയുള്ള താണ് ശാസ്താംകോട്ട കായൽ. ഈ കായലിലെ വെള്ളം ശാസ്താംകോട്ടക്കാർ മാത്രമല്ല ഉപയോഗിക്കുന്നത്. അടുത്തുള്ള പഞ്ചായത്തുകളിലും പട്ടണങ്ങളിലും ഇന്നു ലഭിക്കുന്ന വെള്ളം ഈ കായലിലേതാണ്. ഈ വെള്ളം ഇന്ന് പല രീതിയിലാണ് മലിനപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇന്നാണെങ്കിൽ നേരത്തെ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ താമസക്കാർ ഈ കായലിന്റെ പരിസരത്തുണ്ട്. ഒരു കുന്നിന്റെ നടുവിലാണ് മനോഹരമായ ഈ കായൽ സ്ഥിതി ചെയ്യുന്നത്. സുപ്രസിദ്ധ കവിയത്രി സുഗതകുമാരിയും സുപ്രസിദ്ധ കവി ഒ.എൻ.വി. കുറുപ്പും എല്ലാം ഈ കായലിന്റെ മനോഹാരിതയെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള ഈ കായൽ ഇന്ന് മുണ്ട് അലക്കുന്നതുകൊണ്ടും ലോറികളും ബസ്സുകളുമൊക്കെ കൊണ്ടുവന്ന് കഴുകുന്നതുകൊണ്ടും കൃഷി ചെയ്യുന്നതിനുപയോഗിക്കുന്ന രാസവളങ്ങളെല്ലാം ഒഴുകിവരുന്നതുകൊണ്ടും മലിനപ്പെടുകയാണ്. മാത്രമല്ല കായലിന്റെ പരിസരത്തു താമസിക്കുന്നവരുടെ മലമൂത്രവിസർജ്ജനങ്ങളും കൊണ്ടും ഇത് മലിനപ്പെടുകയാണ്. ഇതിനു വിദഗ്ദ്ധൻമാർ നിർദ്ദേശിക്കുന്നത് കായലിനു ചുറ്റും ബണ്ടുകളും ഉണ്ടാക്കണമെന്നാണ്, കായലിന്റെ പരിസരത്ത് താമസിക്കുന്നവർക്ക് കക്കൂസ് കൊടുക്കുകയും അത് നിർബന്ധമായും അവരെക്കൊണ്ട് ഉപയോഗിപ്പിക്കുകയും ചെയ്യണം. അതുപോലെതന്നെ അഴുക്കുവെള്ളം കായലിലേക്ക് വീഴാതെ അഷ്ടമുടി കായലിലേക്കോ കല്ലട ആറിലേക്കോ ഒഴുക്കിവിടണം എന്നാണ്. ഈ കാര്യങ്ങൾ, കേരള ഗവൺമെൻറിനേയും കേന്ദ്ര ഗവൺമെൻറിനേയും നേതൃത്വത്തിൽ സമഗ്രമായ ഒരു പരിപാടി നടപ്പിലാക്കണമെന്നാണ് എനിക്ക് ഈഅവസരത്തിൽ പറയാനുള്ളത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ) : സർ, ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ കേരളത്തിലെ മറ്റു പല തടാകങ്ങളിലേയും പോലെയെ മാലിന്യങ്ങളും മണ്ണൊലിപ്പും നടക്കുന്നുള്ളു. കനാലിന്റെ തീരത്ത് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുവഴി മണ്ണൊലിപ്പ് തടയാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ഇതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചു. പ്രസ്തുത സമിതി സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി നാല് കരകളിലും മരങ്ങൾ വച്ച് പിടിപ്പിക്കുന്ന ജോലി തുടങ്ങി കഴിഞ്ഞിരിക്കുന്നു. എല്ലാ ഭാഗങ്ങളിലും മരങ്ങൾ നിറച്ചുവച്ചുകഴിഞ്ഞാൽ മണ്ണൊലിപ്പു തടയാനും കഴിയും. ഒരു ഹരിതാഭയും ഉണ്ടാകും; കുറെ മാലിന്യങ്ങൾ തടയാനും കഴിയും, വേറെ പരിപാടികളൊന്നും ഇപ്പോഴില്ല. ആ പരിപാടി നടന്നുകൊണ്ടിരിക്കുകയാണ്. ശാസ്താംകോട്ട കായലിലെ വെള്ളമാണ് കൊല്ലം പട്ടണത്തിലെ ജനങ്ങളൊക്കെ കുടിക്കാൻ ഉപയോഗിക്കുന്നത്. ഈ വെള്ളം ശുദ്ധീകരിച്ച് മാലിന്യങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടാണ് കുടിക്കാൻ കൊടുക്കുന്നത്. ഇങ്ങനെ കുടിക്കാൻ കൊടുക്കുന്ന വെള്ളത്തിൽ മാലിന്യങ്ങൾ ഉള്ളതായി റിപ്പോർട്ടൊന്നുമില്ല. അത് ശ്രദ്ധിക്കുന്നുണ്ട്.

(7) കുന്നംകുളം കിഴക്കേ പുത്തൻപള്ളി തകർത്ത സംഭവം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കുന്നംകുളം താഴത്തേപ്പാറ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ ബലിപീഠവും കുരിശും തല്ലിത്തകർത്തു. നേർച്ചപ്പെട്ടിയും സക്രാരിയും കുത്തിത്തുറന്നിട്ടുണ്ട്. പൂജാ

LIBRARY ARCHIVES Kerala Legislative Assembly

വസ്തുക്കളും നശിപ്പിച്ചിരിക്കുകയാണ്. മൈക്ക് സെറ്റും മോഷണം പോയിട്ടുണ്ട്. സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ ബലിപീഠവും കുരിശും നശിപ്പിച്ചവരെ നാളിതുവരെ പിടിച്ചിട്ടില്ല. ഇന്നലെ അടൂരിലെ പെരിങ്ങനാട് ഓർത്തഡോക്സ് പള്ളിയിലെ കുരിശും നേർച്ചപ്പെട്ടിയും മോഷ്ടിക്കപ്പെട്ടു. കേരളത്തിലെ മതസൗഹാർദ്ദം തകർക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കുകയാണ്. പ്രതികളെ ഒരിടത്തും പിടിച്ചിട്ടില്ല. സത്വര നടപടികൾ കൈക്കൊള്ളണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, കുന്നംകുളത്തുള്ള സീറിയൻ കാത്തലിക് ചർച്ചിന്റെ ഓടിളക്കി കള്ളൻമാർ അകത്തുകടന്ന് കാണിക്കപ്പെട്ടിയിൽനിന്ന് നാനൂറ് രൂപ മോഷ്ടണം നടത്തിയതായും തിരുസാധനങ്ങൾ മാറ്റിവച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് പോലീസ് കേസെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(8) തൃത്താല നിയോജകമണ്ഡലത്തിൽ ബസ്സുകളുടെ കുറവ്

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന തൃത്താല നിയോജകമണ്ഡലത്തിലെ ജനങ്ങളോട് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന ക്രൂരമായ ഒരു നടപടി അംഗങ്ങളുടേയും ഈ സഭയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.

കെ. എസ്. ആർ. ടി. സി. വക 12 സർവ്വീസുകൾ അവിടെ ഓടിക്കൊണ്ടിരുന്നു. ആ 12 സർവ്വീസുകളും നിറുത്തലാക്കി. ആ ലിസ്റ്റ് ഞാൻ വായിക്കാം. തൃത്താല-പാലക്കാട്, തൃത്താല-തൃശ്ശൂർ, ചാലിശ്ശേരി-പാലക്കാട്, കുങ്കിടി-ഗുരുവായൂർ, ആനക്കര-തൃശ്ശൂർ, കുങ്കിടി-എറണാകുളം, കുങ്കിടി-തൃശ്ശൂർ, പള്ളിപ്പുറം-ഗുരുവായൂർ, പള്ളിപ്പുറം-പാലക്കാട്, തിരുവേഗപ്പുറം-ഗുരുവായൂർ, തൃശ്ശൂർ-ഗുരുവായൂർ തുടങ്ങിയവ. ഈ സർവ്വീസുകൾ നിറുത്തലാക്കിയതിന്റെ ഫലമായി അവിടെയുള്ള വിദ്യാർത്ഥികൾക്ക് കോളേജുകളിലും സ്കൂളുകളിലും സമയത്തിന് പോകാൻ കഴിയുന്നില്ല, ഉദ്യോഗസ്ഥൻമാർക്ക് ആഫീസുകളിൽ സമയത്തിന് എത്താൻ കഴിയുന്നില്ല. മാത്രമല്ല അവിടെയുള്ള ബസ്സിൽ യാത്രചെയ്യുന്ന സാധാരണക്കാർക്കൊക്കെ ഇതുമൂലം വളരെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കുകയാണ്. ഒരു പ്രത്യേകകാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത് വരുമാനമുള്ള സർവ്വീസുകൾപോലും കെ. എസ്. ആർ. ടി. സി. നിറുത്തലാക്കിയിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പു മന്ത്രിയോടു പറയാനുള്ളത് ഞാൻ ഒരു മന്ത്രിയായിരുന്നു എന്നുള്ള പരിഗണന മാറ്റിവച്ചുകൊണ്ടുതന്നെ, എന്നോടുള്ള വിരോധം മാറ്റിവച്ചുകൊണ്ടുതന്നെ അവിടെയുള്ള ജനങ്ങളെ സഹായിക്കാൻവേണ്ടി, നിറുത്തലാക്കിയ 12 സർവ്വീസുകളും പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ ബഹുമാനപ്പെട്ട മെമ്പർ എന്റെ മുൻഗാമിയായിരുന്നു. അദ്ദേഹത്തോട് യാതൊരു നീതികേടും ഞാൻ കാണിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയല്ല. പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട മേഖലകളിലെ സർവ്വീസുകൾ കുറച്ചു കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് ദേശസാൽകൃതമല്ലാത്ത മേഖലകളിൽ വളരെ മോശമായി ഓടിക്കൊണ്ടിരുന്ന ചില സർവ്വീസുകൾ താൽക്കാലികമായി നിറുത്തലാക്കിയത്. അദ്ദേഹം പറഞ്ഞ 12 സർവ്വീസുകളൊന്നും

LIBRARY ARCHIVES Kerala Legislative Assembly